## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 321

28/06/2011-ൽ മറുപടിക്ക്

## കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>ശ്രീമതി. ഗീതാ ഗോപി:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. വി. ശശി | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെ വിവിധ പഞ്ചായത്തുകളിലായി എത്ര കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ യൂണിറ്റുകളിലെല്ലാം കൂടി എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2011 ഏപ്രിൽമാസത്തെ കണക്കനുസരിച്ച് ആകെ 2,10,688 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നിലവിലുണ്ട്. 2,10,688 അയൽക്കൂട്ടങ്ങളിലായി ആകെ 38 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. |
| (ബി) കുടുംബശ്രീ അംഗങ്ങളുടെ ലഘുസമ്പാദ്യ പദ്ധതിയിൽ എന്ത് തുക ഇതു വരെ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്; വായ്പയായി എന്തു തുക നൽകിയിട്ടുണ്ട്; | (ബി) 1611.45 കോടി രൂപ കുടുംബശ്രീ അംഗങ്ങളുടെ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 4552.73 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. |
| (സി) പഞ്ചായത്തുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) **ഉണ്ട്.**<br>1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ നേതൃത്വ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾക്ക് യഥാസമയം പിന്തുണ നൽകുന്നതിനും സഹായമായ രീതിയിൽ രൂപീകരിച്ച സാമൂഹ്യാധിഷ്ഠിത പരിശീലന സംഘങ്ങളിലൂടെ അയൽക്കൂട്ടം എ.ഡി.എസ്/സി.ഡി.എസ് സംവിധാനങ്ങൾക്കും സംരംഭങ്ങൾ, സംഘകൃഷി, വിപണനഗ്രൂപ്പുകൾ എന്നിവയുടെ നേതൃത്വശേഷി ഉയർത്തുന്നതിനുള്ള പ്രത്യേക പരിശീലന പദ്ധതിക്ക് ഊന്നൽ നല്കും.<br>2. ഡിജിറ്റൈസ്ഡ് എം.ഐ.എസ്. **സഹായത്തോടെ** സി.ഡി.എസ് കമ്മിറ്റിക്ക് **അയൽക്കൂട്ട പ്രവർത്തനങ്ങൾ** മോണിറ്ററിംഗ് **നടത്തുന്നതിനുള്ള** വൈദഗ്ധ്യ പരിശീലനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

3. കുടുംബശ്രീ സംരംഭങ്ങളുടെ ഗുണനിലവാരവും ഉത്പാദനവും വിപണനവും വിപുലപ്പെടുത്തുന്നതിന് സംരംഭകരുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം, പ്രൊഡ്യൂസർ കമ്പനി മുതലായവ രുപീകരിച്ച് ശാക്തീകരിക്കാൻ നടപടി എടുക്കും.

4. വിപണി വികസനത്തിന്റെ ഭാഗമായി മാസചന്തയും റീട്ടെയിൽ ഷോപ്പുകളും വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ സംഘകൃഷി വിപുലപ്പെടുത്തുവാനുള്ള പ്രത്യേക കർമ്മപദ്ധതി രുപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ